പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1977 — 22.01.2014 -ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷന്റെ പുതിയ വിൽപ്പനശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, വി. റ്റി. ബൽറാം<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ഷാഫി പറമ്പിൽ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ബിവറേജസ് കോർപ്പറേഷന്റെ പുതിയ വിൽപ്പനശാലകൾ തുടങ്ങുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ; | (എ) & (ബി) | 2012-13 വർഷത്തെ അബ്കാരി നയം അനുസരിച്ച്, മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ, പുതിയ വിദേശ മദ്യ ചില്ലറ വിൽപ്പനശാലകൾക്ക് സർക്കാർ അനുമതി നൽകുന്നില്ല. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ, മുൻപ് അനുവദിച്ചിരുന്ന 11 എഫ്.എൽ.1 ഷോപ്പുകൾ തുടങ്ങേണ്ടതില്ലെന്ന് തീരുമാനിച്ചു. |
| (ബി) | ഈ സർക്കാർ പുതിയ വിൽപ്പനശാലകൾ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (സി) | മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് ഈ നയം എത്ര മാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ? | (സി) | സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി, 2010-11 വർഷത്തിൽ 16% ആയിരുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന, നിലവിൽ -3% ആയി. ഇത് മദ്യത്തിന്റെ ഉപഭോഗത്തിലുണ്ടായ കുറവാണ് കാണിക്കുന്നത്. |

സെക്ഷൻ ഓഫീസർ